ISSN-2455-0736 (Print)
ISSN-2456-4052 (Online)

# Narrative of Fantastic Realism

## ഭ്രമാത്മകമായ യാഥാർത്ഥ്യത്തെ അടയാളപ്പെടുത്തുന്ന കഥകൾ

**[1]Vishnu P A, [2]Dr. Bennichen Scaria**

[1]Assistant Professor, Sree Narayana College, Nattika.

[2] Principal, Professor and Researsh Guide, Pavanatma College, Murikkassery

**Abstract**

**Keywords:**

Fantastic Reality, Imaginary Worlds, Sights of Space

Vivek Chandran is a short story writer. Who marks the new era of Malayalam short story with a fresh imagination. 'Vanyam' is a collection of stories by Vivek Chandran that meticulously expresses the spatial visions created in human society using the techniques of Magical realism. The stories of 'Prabhathathinte Manam', 'Samaran Ganapati', 'Bhoomi', 'Ekanathan' and 'Vanyam' are in this collection. These stories depict the extraordinary and strange wildness that stands between reality and unreality. 'Fantastic Reality' is marked in these stories through strange experiences. This article tries to evaluate that Vivek Chandran has been able to become a distinctive voice in the space of new stories and that the stories in the collection 'Vanyam' have been able to turn the new world of imagination into a sign of fantasy.

**പ്രബന്ധസംഗ്രഹം:**

പുതുകാല മലയാള ചെറുകഥയെ ഭാവനയുടെ പുതുഭ്രമത്തിൽ അടയാളപ്പെടുത്തുന്ന ചെറുകഥാകൃത്താണ് വിവേക് ചന്ദ്രൻ. മാജിക്കൽ റിയലിസത്തിന്റെ സങ്കേതങ്ങൾ ഉപയോഗിച്ച് മനുഷ്യ സമൂഹത്തിൽ സൃഷ്ടിക്കപ്പെടുന്ന സ്ഥലകാല ദർശനങ്ങളെ സൂക്ഷ്മമായി ആവിഷ്കരിക്കുന്ന വിവേക് ചന്ദ്രന്റെ കഥാസമാഹാരമാണ 'വന്യം'. 'പ്രഭാതത്തിന്റെ മണം', 'സമരൻ ഗണപതി', 'ഭൂമി', 'ഏകനാഥൻ','വന്യം' എന്നീ കഥകളാണ് ഈ സമാഹാരത്തിലുള്ളത്. യാഥാർത്ഥ്യത്തിനും അയാഥാർത്ഥ്യത്തിനും ഇടയിൽ നിൽക്കുന്ന അസാധാരണവും വിചിത്രവുമായ വന്യതകളാണ് ഈ കഥകളിലൂടെ ആവിഷ്കരിക്കുന്നത്. വിചിത്രമായ അനുഭവങ്ങളിലൂടെ 'ഭ്രമാത്മക യാഥാർത്ഥ്യം' (Fantastic Reality) ഈ കഥകളിൽ അടയാളപ്പെടുത്തുന്നു്. പുതുകഥകളുടെ ഇടത്തിൽ വ്യതിരിക്ത സ്വരമാകാൻ വിവേക് ചന്ദ്രന് കഴിയുന്നുണ്ടെന്നും ഭാവനയുടെ പുതിയ ലോകത്തെ ഭാവുകത്വത്തിന്റെ അടയാളമാക്കി മാറ്റാൻ 'വന്യം' എന്ന സമാഹാരത്തിലെ കഥകൾക്ക് സാധിച്ചിട്ടുണ്ടെന്നും ഈ ലേഖനത്തിലൂടെ വിലയിരുത്താൻ ശ്രമിക്കുന്നു.

**താക്കോൽ വാക്കുകൾ:**

ഭ്രമാത്മക യാഥാർത്ഥ്യം, സ്ഥലകാല ദർശനങ്ങൾ, പ്രതീതിലോകങ്ങൾ

സമകാലമലയാള ചെറുകഥയെ ഭാവനയുടെ പുതുലോകത്തിലേയ്ക്ക് വഴി തിരിച്ചു വിടുന്ന എഴുത്തുകാരനാണ് വിവേക് ചന്ദ്രൻ. മാജിക്കൽ റിയലിസത്തിന്റെ സന്ദേശങ്ങളിലൂടെ മനുഷ്യകാമനകളുടെയും ചോദനങ്ങളുടെയും അസാധാരണത്വത്തെ അസ്വാഭാവികമെന്ന നിലയിൽ അവതരിപ്പിക്കുന്ന കഥകളാണ് വിവേക് ചന്ദ്രന്റെ 'വന്യം' എന്ന കഥാസമാഹാരത്തിലുള്ളത്. യാഥാർത്ഥ്യത്തെയും അയാഥാർത്ഥ്യത്തെയും വിചിത്രമായ രീതിയിൽ ഉൾക്കൊള്ളുന്ന കഥകളാണ് ഈ സമാഹാരത്തിലുള്ളത്. ഉന്മാദം, ഹിംസ, കാമം, വിഭ്രമം, തുടങ്ങിയവയുടെ ഉഴുതുമറിച്ചിലുകൾ വിവേക് ചന്ദ്രന്റെ കഥാഖ്യാനങ്ങളുടെ ആന്തരികതലങ്ങളെ പരസ്പരം കോർത്തിണക്കുന്നു. 'വന്യം' എന്ന സമാഹാരത്തിലെ 'പ്രഭാതത്തിന്റെ മണം', 'സമരൻ ഗണപതി', 'ഭൂമി', 'ഏകനാഥൻ','വന്യം', എന്നീ കഥകൾ വിചിത്രമായ അനുഭവങ്ങളാണ് കാഴ്ചവയ്ക്കുന്നത്.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

**പ്രതീതിലോകങ്ങൾ**

മാന്ത്രിക കാഴ്ചകളുടെ അസാധാരണ അനുഭവം ജീവിത അനുഭവങ്ങളുമായി ഇഴുകി ചേർത്ത് രൂപംകൊ ആഖ്യാനമാണ് 'പ്രഭാതത്തിന്റെ മണം'. മാന്ത്രികൻ, ജാനകി, ബാഹിസ് തുടങ്ങിയ കഥാപാത്രങ്ങളുടെ യാഥാർത്ഥ്യവും സാങ്കല്പികമായ കാഴ്ചകളുടെ ഇടങ്ങൾ സൃഷ്ടിക്കപ്പെടുന്നു എന്നതാണ് ഈ കഥയുടെ പ്രധാന സവിശേഷത.

മാന്ത്രികൻ യന്ത്ര ഊഞ്ഞാലിൽ സൃഷ്ടിക്കുന്ന മായാജാല കാഴ്ചകൾ യാഥാർത്ഥ്യമാണെന്ന് സമൂഹത്തിന്റെ തിട്ടപ്പെടുത്തലിലാണ് മാന്ത്രികനെ പോലീസ് അറസ്റ്റ് ചെയ്യുന്നത്. യന്ത്ര ഊഞ്ഞാലിൽ ജാനകിയെ കഴുത്തറുത്തു കൊന്നു എന്ന കാഴ്ചയുടെ വിശ്വാസത്തിലാണ് ജനക്കൂട്ടം മാന്ത്രികനെ പോലീസിൽ ഏൽപ്പിക്കുന്നത്. ഈ ജനക്കൂട്ടത്തെയും മാന്ത്രികനെയും കൺവെട്ടിച്ച് ഓടിമറയുന്ന ജാനകിയുടെ ചിത്രവും മായ കാഴ്ചയുടെ പ്രതീതി നൽകുന്നു. ജയിലിലായ മാന്ത്രികൻ  ബാഹിസ് എന്ന തടവുകാരനിലേയ്ക്ക് പരകായ പ്രവേശം നടത്തുന്നതും മന:ശാസ്ത്രജ്ഞനായി പുറത്തിറങ്ങുന്ന ബാഹിസ് മാന്ത്രികന്റെ അപരനായി മാറുന്നതും അയാളുടെ അരികിലേക്ക് ക്രമം തെറ്റിയ ഓർമ്മകളുമായി മധ്യവയസ്കയായ ജാനകി കടന്നുവരുന്നതും ജീവിതത്തിൽ കബളിപ്പിക്കപ്പെട്ടു കൊിരിക്കുകയാണ് എന്ന ചിന്തയിൽ ജീവഹത്യ നടത്തുകയും ചെയ്യുന്നതാണ് കഥയുടെ പരിണതി.

കാഴ്ചയും കാഴ്ചകളും ഉാകുന്ന പ്രതീതിയുമാണ് ജീവിതത്തെ നിർണയിച്ചു കൊിരിക്കുന്നതെന്ന് ഈ കഥ സൂചിപ്പിക്കുന്നു. യാഥാർഥ്യം-അയാഥാർത്ഥ്യം എന്നീ ദ്വന്ദ്വങ്ങൾ അപ്രസക്തമാവുകയാണ് ഈ കഥയിൽ. ഓരോ ജീവിതവും കാഴ്ചയുടെ അനുഭവങ്ങൾ ആണെന്ന് ഓർമ്മിപ്പിക്കുന്നു. കാഴ്ചകൾ സൃഷ്ടിക്കുകയും കാണുന്നവരും തമ്മിലുള്ള അന്തരമാണ് കാഴ്ചയെ നിർണ്ണയിക്കുന്നത്. കാഴ്ചയുടെ അതിരുകൾ രൂപപ്പെടുന്നത് എന്ത് കാണണമെന്ന് വിധിക്കുന്നവരുടെ-കാഴ്ചയുടെ മേൽക്കോയ്മകളാണ്. സങ്കൽപ്പങ്ങളുടെയും യാഥാർത്ഥ്യങ്ങളുടെയും അതിർവരമ്പുകൾ ഇല്ലാത്ത ഇടങ്ങളെയാണ് കാലം സൃഷ്ടിച്ചു കൊിരിക്കുന്നതെന്ന് 'പ്രഭാതത്തിന്റെ മണം' എന്ന കഥയിലെ മായാകാഴ്ചകൾ സൂചിപ്പിക്കുന്നു. മാന്ത്രികന്റെയും ബാഹിസിന്റെയും ജാനകിയുടെയും ജീവിതകാഴ്ചകൾ അതാണ് ബോധ്യപ്പെടുത്തുന്നത്.യന്ത്ര ഊഞ്ഞാലിലും തടവറയിലും മാന്ത്രികന്റെ  മായാജാല കാഴ്ചകൾ യാഥാർത്ഥ്യത്തിന്റെ കാഴ്ചകളായി നിർണ്ണയിക്കപ്പെടുമ്പോൾ തന്നെ അയാളുടെ ശരീരം കാലത്തിൽ നിന്നും വേർപെടുന്നു.

"മാന്ത്രിക സ്വപ്നങ്ങൾ ഓർമ്മകളേക്കാൾ അപകടം പിടിച്ചതാണ്.... ഇന്ന് കാലത്ത് നീ മൈതാനത്തു നിന്നും ജനക്കൂട്ടത്തിനിടയിലൂടെ ഓടി രക്ഷപ്പെട്ടുപോയി ഏറെ സ്വന്തമായി 23 വർഷങ്ങൾ ജീവിച്ചു തീർത്തത് ഒരു വലിയ സ്വപ്നമായിരുന്നു എന്ന് ഞാൻ പറഞ്ഞെങ്കിലോ? അത്ഭുതം തോന്നുന്നല്ലോ? സത്യമാണ്.  ആ സ്വപ്നത്തിലും കൃത്രിമത്വമുള്ള സംഗതികൾ ഇടയ്ക്ക് ഉൾപ്പെടുത്താൻ ഞാൻ ശ്രദ്ധിച്ചിരുന്നു." (പുറം 25) ഇത്തരം ആഖ്യാനം സമയത്തെയും കാലത്തെയും സത്യത്തെയും മിഥ്യയേയും ചേരുവയാക്കി മാജിക്കിന്റെ അസാധാരണ സ്വഭാവം ജീവിതകാഴ്ചയിലും പകർത്തുന്നു. കാഴ്ചയുടെ പ്രതീതിലോകങ്ങൾ കാലത്തെ വിഴുങ്ങി കളയുന്ന അനുഭവമായി കഥ മാറുന്നു.

സ്മരണകളും കാലവും തിരശ്ശീലയിലെ ദൃശ്യ അനുഭവങ്ങളുമായി കെട്ടുപ്പിണഞ്ഞ് വിഭ്രമം സൃഷ്ടിക്കുന്ന കാഴ്ചയുടെ ആഖ്യാനമാണ് 'ഭൂമി' എന്ന കഥ. യുക്തി സഹിതവും യുക്തിരഹിതവുമായ മാന്ത്രിക യാഥാർത്ഥ്യങ്ങളുടെ പ്രകമ്പന കാഴ്ചകളാണ് 'ഭൂമി' എന്ന കഥയുടെ പരിസരം. സിനിമ പ്രൊപ്രൈറ്റർ ആയിരുന്ന അച്ഛന്റെയും ഭൂമി എന്ന മകളുടെയും കഥയാണ് ആഖ്യാനതലം. പിതാവിന്റെ അപരനാൽ ഭോഗിക്കപ്പെട്ട ഭൂമി എന്ന പെൺകുട്ടിയുടെ ഭീതിയും  വിഭ്രാന്തി നിറഞ്ഞ മനസ്സും ജീവിതാനുഭവങ്ങളും തിരശ്ശീലയിലെ കാഴ്ചകളും കൂടിക്കുഴഞ്ഞു നിൽക്കുന്ന ചുറ്റുപാടാണ് കഥയിൽ ഉള്ളത്. ഭൂമിയുടെ ബോധ-അബോധങ്ങളിലൂടെയും സ്വപ്നങ്ങളിലൂടെയും ആണ് കാലങ്ങളുടെ പകർച്ചയെ നിർണ്ണയിക്കുന്നത്.

ഓർമ്മകളും അബോധത്തിൽ ശൂന്യമാകുന്ന കാലവും തിരശ്ശീലക്കുള്ളിലെ സ്ഥലകാല അനുഭവങ്ങൾ സൃഷ്ടിക്കുന്ന മാന്ത്രികതയും ആണ്  'ഭൂമി' എന്ന കഥയിലെ 'ഭ്രമാത്മക യാഥാർത്ഥ്യം' (Fantastic Reality). കഥയിലെ ഭൂമി എന്ന പെൺകുട്ടിയും  കാലത്തിൻറെ ആവേഗങ്ങളെ പിടിച്ചെടുക്കാൻ കഴിയാത്ത ശൈത്യനും, അയാളുടെ അപരനായി ഭൂമിയെ ഭോഗിക്കുന്ന മുപ്പൂരവാസനും, ഡോക്ടറും കാമനകളുടെയും ചോദനകളുടെയും അസാധാരണത്വത്തെ പേറുന്നവരാണ്. ചിൽഡ്രൻസ് ഓഫ് ഹെവൻ, ഫാഷൻ ഓഫ് ക്രൈസ്റ്റ്, ഓൾഡ് ബോയ്,  മതിലുകൾ, ട്രാജിക് തിയേറ്റർ എന്നീ സിനിമകളിലെ കാഴ്ചകളുടെ കാരണവും നിശ്ചലദൃശ്യങ്ങളിൽ നിന്ന് വേഗത കൂടിയ ദൃശ്യങ്ങളിലേക്ക് കാഴ്ചയെ അനുനയിക്കാൻ കഴിയാത്ത ചാച്ചന്റെ കാലാനുഭവവും ഭൂമിയുടെ ഓർമ്മകളിലെ കാലത്തിന്റെ ഭാഗമാകുന്നു. അയാളുടെ ജീവിതകാലം നിശ്ചലമാകുന്നതോടുകൂടിയാണ് മൂപ്പുരവാസനിലൂടെ പരകായനായി കാലത്തിന്റെ വേഗങ്ങളിലേക്ക്

ISSN-2455-0736 (Print)
ISSN-2456-4052 (Online)

അയാൾ പരിണമിക്കുന്നത്. വേഗത കുറഞ്ഞ ദൃശ്യങ്ങളിൽ നിന്നും വേഗത കൂടിയ ദൃശ്യങ്ങളിലേക്ക് പരിണമിക്കുന്ന സിനിമ കാഴ്ചകൾ മനുഷ്യന് അനുഭൂതമാകുന്ന കാലത്തിന്റെ വേഗതയെ ഉൾക്കൊള്ളുമ്പോൾ അതോടൊപ്പം എത്താൻ കഴിയാത്ത മനുഷ്യന് കാലവുമായുള്ള ബന്ധം അന്യമാകുന്നു. കാഴ്ചയും കാലവും രൂപപ്പെടുത്തുന്ന അസാധാരണ വിഭ്രമസൗന്ദര്യം 'ഭൂമി' എന്ന കഥയെ വ്യതിരിക്തമാക്കുന്നു.

**കാലവിഭ്രമങ്ങൾ**

അസാധാരണമായ കാല ദർശനത്തിന്റെ വിഭ്രമങ്ങൾ കോറിയിടുന്ന കഥയാണ് 'സമരൻ ഗണ പതി'. സമരൻ ഗണപതി എന്ന ബോക്സിങ് താരത്തിന്റെ ജീവിതാനുഭവങ്ങളിലെ ഭീതിതമായ സങ്കൽപ്പങ്ങളെ ജനന മരണങ്ങളുടെ വിഭ്രമ കേൾവികളിലൂടെ ഈ കഥ ആവിഷ്കരിക്കുന്നു. ഈ കഥയിൽ കാഴ്ചയിൽ നിന്നും തെന്നിമാറി, കേൾവി കാലത്തിന്റെ അനന്യമായ ബോധമായി പരിണമിക്കുന്നു.

ഒളിച്ചുകടത്തിയ ഒറ്റ പഞ്ചിൽ എതിരാളിയായ ഹോമറിനെ ബോക്സിങ് റിംഗിൽ കുരുക്കി ജീവനെടുത്ത് തോൽപ്പിച്ച സമരൻ അയാളുടെ ഭ്രൂണാവസ്ഥ മുതൽ ഇക്കാലയളവ് വരെയുള്ള ജീവിത ചരിത്രത്തിന്റെ ഭൂതകാല കേൾവികളായി പരിണമിക്കുന്നു. ശ്രവ്യമായ വാക്കുകളോ സ്വപ്ന കാഴ്ചകളോ എന്ന് തിരിച്ചറിയാൻ പറ്റാതെ വിഭ്രമങ്ങളെ തന്റെ തന്നെ ജന്മത്തിന്റെ -വംശചരിത്രത്തിന്റെ അശരീരി മുഴക്കങ്ങളായി തിരിച്ചറിയുന്നു. പിതൃ അധികാരത്തിൽ രൂപപ്പെട്ട ക്രൗര്യം തന്റെ ശരീരത്തിൻറെ ഉന്മാദലഹരിയായ പഞ്ചിംഗ് ആയി പരിണതപ്പെട്ടതായി സമരൻ തിരിച്ചറിയുന്നു. "കുഞ്ഞേ വേഗം വളര്. ഇവളിലെ നീര് വലിച്ചു കുടിച്ച് അറുത്തു നീക്കാൻ പറ്റാത്ത വിധം ഇവളുടെ അടിവയറ്റിൽ വ്യാപിക്ക്. നിനക്ക് ജീവിക്കേ" എന്ന പിതാവിന്റെ നിർദ്ദേശം ഒരേ ചരിത്രം പങ്കു വെയ്ക്കുന്ന കോശങ്ങൾ തമ്മിലുള്ള ആശയവിനിമയമായി അയാൾക്ക് അനുഭവപ്പെടുന്നതും തന്റെ ശരീരം ഏതോ രാസമാറ്റങ്ങൾക്ക് തയ്യാറെടുക്കുന്നതായി തോന്നുന്നതും ശരീരവും കാലവും തമ്മിലുള്ള ബന്ധത്തിന്റെ തുടർച്ചയിൽ നിന്നാണ്.

കാഴ്ചയും കേൾവിയും സ്ഥലകാലങ്ങളുടെ അതിർവരമ്പുകളെ ഉല്ലംഘിക്കുകയും ശരീരത്തിന്റെ ഹിംസാത്മകവും വന്യവുമായ ഉന്മാദങ്ങൾ കാലത്തെയും ജീവചരിത്രത്തെയും ഒറ്റ ബിന്ദുവിൽ ഒതുക്കി നിർത്തുകയും ചെയ്യുന്നു. ചോരയും നീരും ഊറ്റികുടിച്ച് പരുവപ്പെടുന്ന ജീവചൈതന്യത്തിന്റെ വന്യമായ ആകാരം കൊള്ളലാണ് ഓരോ മനുഷ്യ ശരീരമെന്ന് 'സമരൻ ഗണപതി' എന്ന കഥ പറഞ്ഞുവയ്ക്കുന്നു.

കേൾവിയും സ്വപ്നകാഴ്ച്ചകളും കാലത്തിന്റെ പ്രതിരൂപങ്ങളാകുന്ന വിവേക് ചന്ദ്രന്റെ കഥയാണ് 'ഏകനാഥൻ'. മൊബൈൽ ഫോണിലെ റെക്കോർഡിങ്ങിലൂടെ കേൾക്കുന്ന സംഭാഷണങ്ങളിലൂടെ തന്റെ ജന്മത്തിന്റെയും സ്വത്വത്തിന്റെയും വേരുകൾ കണ്ടെത്താൻ ശ്രമിക്കുന്ന ജോക്കുട്ടൻ എന്ന ബാലന്റെ അരക്ഷിതത്വം നിറഞ്ഞ ബാല്യത്തെയാണ് ഈ കഥയിൽ ആവിഷ്കരിക്കുന്നത്. കൃത്യമമായി കാട്ടു തീ പടർത്തി കാടിനെ കരിച്ചു കളഞ്ഞ അബ്ബുവിന്റെയും ഏകനാഥന്റെയും കഥ കേൾവികളായി ജോക്കുട്ടൻ അറിയുകയാണ്. കാട്ടുതീയിൽ അകപ്പെട്ട അബ്ബുവിനെയും പലാശമരത്തിന്റെയും വേരിൽ അബ്ബുവിനെ കാത്തിരുന്ന ഏകനാഥനും താനും തമ്മിലുള്ള ബന്ധം ജോക്കുട്ടൻ ആ കേൾവിയിൽ നിന്ന് തിരിച്ചറിയുന്നു. ജോലി തേടിയെത്തുന്ന ഇടങ്ങളിൽ എല്ലാം പലാശമരങ്ങൾ നട്ടുപിടിപ്പിച്ച് തന്റെ ജീവിതകാലത്തെയും അപരത്വത്തെയും രേഖപ്പെടുത്തുന്ന ഏകനാഥന്റെ തുടർച്ചയാണ് അരക്ഷിതമായ തന്റെ ജീവിതമെന്ന് ജോക്കുട്ടൻ തിരിച്ചറിയുന്നു. കാലത്തിന്റെ ചിഹ്നമായി പലാശമരം ആഖ്യാനത്തിൽ നിലകൊള്ളുന്നു. അരക്ഷിതമായ ബാല മനസ്സിൻറെ സ്വപ്നക്കാഴ്ച ആഗ്രഹത്തെ പൂർത്തീകരിക്കുന്ന മായകാഴ്ചയായി പരിണമിക്കുന്നു. മനുഷ്യന്റെ സ്വപ്നങ്ങൾ ആഗ്രഹങ്ങളുടെയും ഉപബോധങ്ങളുടെയും പ്രത്യക്ഷീകരണങ്ങളാണ്. യാഥാർത്ഥ്യമോ അയാഥാർഥ്യമോ എന്ന് തിരിച്ചറിയാൻ കഴിയാത്ത ജീവിതസത്യങ്ങളുടെ രൂപാന്തരങ്ങളായി 'ഏകനാഥൻ' എന്ന കഥയിലെ സ്വപ്ന കാഴ്ചകൾ മാറുന്നു.

**വന്യമാകുന്ന ശരീരകാമനകൾ**

വന്യമായ രതിയുടെയും ശരീരകാമനയുടെയും ഹിംസയുടെയും കഥയാണ് 'വന്യം' സത്യാനന്തര കാലത്തെ മനുഷ്യസത്തയുടെ പരിവർത്തനത്തെ ആവിഷ്കരിക്കുന്ന കഥയാണിത്. ക്രിസ്റ്റി എന്ന ആൺകുട്ടിയിൽ നിന്നും ചെന്നായയിലേക്കുള്ള പരിവർത്തനവും ഹിംസാത്മകവുമായ അന്ത്യവും ആദത്തിന്റെയും സെറ്റ്ഫിയുടെയും കുമ്പസാരത്തിലൂടെ കേൾവിയുടെ കാഴ്ചകളായി ആഖ്യാനത്തിൽ നിറയുന്നു. ചെന്നായയായി പരിണമിക്കുന്ന മനുഷ്യക്കുഞ്ഞിന്റെ കഥ കാഴ്ചയും കേൾവിയും ഇടകലർന്ന് വിഭ്രമത്തിന്റെ അസാധാരണ അനുഭവം സൃഷ്ടിക്കുന്നു. വന്യമായ രതി

ISSN-2455-0736 (Print)
ISSN-2456-4052 (Online)

ചോദനയെ ഈ കഥ ആഖ്യാനം ചെയ്യുന്നു. ചെന്നായയുടെ സ്വത്വത്തിലേക്ക് പരിണമിക്കുന്ന ക്രിസ്റ്റി മനുഷ്യസ്വത്വത്തിന്റെ വിപര്യയത്തെ വെളിപ്പെടുത്തുന്നു.

യഥാർത്ഥ സ്ഥലകാലങ്ങൾ അപരിചിതവുമാവുകയും പുതിയ ഇടങ്ങളും കാലബോധങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നത് വിവേക് ചന്ദ്രന്റെ കഥകളിലെ പ്രത്യേകതകളാണ്. കടുത്ത യാഥാർത്ഥ്യങ്ങൾക്കെതിരെ നിൽക്കുന്ന ഭാവനയുടെ ലളിത ലോകമല്ല ഫാന്റസി; യാഥാർത്ഥ്യവുമായി ബന്ധം സ്ഥാപിക്കാൻ നമ്മെ സഹായിക്കുന്ന ഒരു ചെറിയ ഖണ്ഡം മാത്രമാണ് എന്ന് സ്ലാവോസ് സീസെക്കിന്റെ വാക്കുകൾ വിവേക് ചന്ദ്രന്റെ കഥകൾക്ക് യോജിക്കുന്നു. പ്രത്യക്ഷത്തിൽ സാമൂഹ്യമായ സ്ഥലകാല ദർശനങ്ങളെയും ചരിത്ര പ്രതിനിധാനങ്ങളെയും ആവിഷ്കരിക്കുന്നില്ലെന്ന് തോന്നുന്നുവെങ്കിലും അടിസ്ഥാനപരമായി മനുഷ്യ സമൂഹത്തിന്റെ കാലസഞ്ചാരത്തെയാണ് വിവേക് ചന്ദ്രന്റെ കഥകൾ അടയാളപ്പെടുത്തുന്നത്. ഭാവനയുടെ പുതുഭ്രമങ്ങളെ ഭാവുകത്വത്തിന്റെ അടയാളമാക്കി മാറ്റാൻ 'വന്യം' എന്ന കഥ സമാഹാരത്തിലെ കഥകൾക്ക് കഴിയുന്നു്.

**സഹായകഗ്രന്ഥങ്ങൾ:**

1. മാർക്കോസ് വി.പി (എഡിറ്റർ) സമകാലിക മലയാള ചെറുകഥ വഴിയും പൊരുളും, ആലുവ: ഭൂമി മലയാളം ബുക്സ്, 2012.

2. രാജശേഖരൻ പി.കെ, കഥാന്തരങ്ങൾ, കോട്ടയം: ഡി.സി ബുക്സ്, 2017.

3. ലിജി എൻ, കാലത്തെ വിഴുങ്ങുന്ന വിഭ്രമങ്ങൾ (ലേഖനം) സമകാലിക മലയാളം, കലൂർ: ന്യൂ ഇന്ത്യൻ എക്സ്പ്രസ് ഗ്രൂപ്പ് പ്രസിദ്ധീകരണം,:2019 ആഗസ്റ്റ്.

4. വിവേക് ചന്ദ്രൻ, വന്യം, കോട്ടയം:ഡി.സി ബുക്സ്, 2022.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

# The Singing Devil: A Literary Reflection

## പാടുന്ന പിശാച് ഒരു സാഹിത്യവിചിന്തനം

**Dr. Sonia Jose**

Assistant Professor, Deaprtment of Malayalam, Pavanatma College, Murikkasery

**Abstract**

In the literary domain, Changanpuzha Krishna Pillai stands out as a poet who, without bowing to any scholar, portrayed inevitable tragedies in his own life through poetry. In the cultural arena of literature, he utilized the poem "Paadunna Pishachu" to attack poets who promote traditional themes, likening it to a reflection of injustice. Similar to an autobiography, his poetry is presented. There is a significant difference from the styles that the poet had been cultivating in form and language.

**Keywords:**

Refletion, Sinful peacock, Self loathing,

**താക്കോൽ വാക്കുകൾ**

പ്രതിബിംബം, പാപമയൂരം, ആത്മനിന്ദ

കവിതാരംഗത്ത് ഒരു പണ്ഡിതനോടും വിധേയത്വം കാണിക്കാതെ സ്വന്തം ജീവിതത്തിലെ അനിവാര്യ ദുരന്തങ്ങളെ മാർഗമായി ക് കവിതയെഴുതിയ കവിയാണ് ചങ്ങമ്പുഴ. സാഹിത്യ സാംസ്ക്കാരിക രംഗത്ത് ജീർണതകളെ പോറ്റി വളർത്തുന്ന കവികളെ ആക്രമിക്കാൻ 'പാടുന്ന പിശാച്'' എന്ന കവിത ഉപയോഗിച്ചു എന്ന് ഉറപ്പിച്ചു പറയാനാവും. അക്കാലഘട്ടത്തിലെ അധാർമ്മികതയുടെ പ്രതിബിംബമായാണ് കവിതയിൽ കവി പ്രത്യക്ഷപ്പെടുന്നത്. ചില കാരണങ്ങളാൽ ഒട്ടേറെ മനഃക്ലേശം അനുഭവിച്ചിരുന്ന ഒരു സന്ദർഭത്തിലാണ് ഏതാ് ആത്മകഥാരൂപമായ ഈ കൃതി എഴുതിയതെന്നും ഇതിൽ ഞാൻ ആക്രമിച്ചിട്ടുള്ള വ്യക്തികളോട് വ്യക്തിപരമായ യാതൊരു വിദ്വേഷവും തനിക്കില്ലെന്നും അക്കാലത്തെ തന്റെ മനോവ്യാപാരങ്ങൾ അതേപടി കവിതയിൽ കാണാനാവുമെന്നും കവി തന്നെ വ്യക്തമാക്കിയിട്ടു്. അക്കാലഘട്ടത്തിലെ മനഃക്ലേശത്തിന്റെ മുഖ്യകാരണം തകർന്നുപോയ സാധാരണമല്ലാത്ത അദ്ദേഹത്തിന്റെ പ്രണയജീവിതവും പ്രണയത്തെത്തുടർന്ന് ഉറ്റവരിൽനിന്ന് അകന്നു പോവേി വന്നതുമാണെന്ന് പിൽക്കാലത്ത് മനസ്സിലാക്കാനായി.

വളരെയധികം അസ്വസ്ഥകരമായ മാനസികാവസ്ഥയിലായിരുന്ന കാലഘട്ടത്തിലായിരുന്നു കവിയെഴുതുമ്പോൾ കവിയെന്ന് കവിതയിൽ നിന്ന് അനുവാചകന് വ്യക്തമായി മനസ്സിലാക്കാനാവും. ചങ്ങമ്പുഴയെന്ന കവിയുടെ കൃതികൾ വളരെയധികം അസ്വസ്ഥകരമായ മാനസികാവസ്ഥയിലായിരുന്ന കാലഘട്ടത്തിലായിരുന്നു കവിയെഴുതുമ്പോൾ കവിയെന്ന് കവിതയിൽ നിന്ന് അനുവാചകന് വ്യക്തമായി മനസ്സിലാക്കാനാവും. ചങ്ങമ്പുഴയെന്ന കവിയുടെ കൃതികൾ അദ്ദേഹത്തിന്റെ ആത്മകഥകളായി വായിക്കപ്പെടുമ്പോൾ പ്രത്യേകിച്ചും എന്തായാലും അദ്ദേഹത്തിന്റെ വ്യക്തി ജീവിതത്തിലെ ചില സന്ദർഭങ്ങൾ സൂക്ഷ്മമായി അവതരിപ്പിച്ചതാണ് പാടുന്ന പിശാചെന്ന കാര്യത്തിൽ യാതൊരു സംശയത്തിനുമിടയില്ല. അസാധാരണമായ അനുഭവങ്ങളുടെ അസാധാരണവും തീവ്രതയാർന്നതുമായ ആവിഷ്ക്കരണമാണീക്കവിത.

കവിയുടെ ആത്മകഥയാണ് കവിതയെന്നു പറയുമ്പോഴും ഒരു സാഹിത്യരൂപമെന്ന നിലയ്ക്ക് കവിതയ്ക്കു നൽകേ പ്രാധാന്യം ഒട്ടും ചെറുതല്ല. പതിനാറ് ഖണ്ഡങ്ങളായി ചിത്രീകരിച്ചിരിക്കുന്ന കവിതയുടെ ഓരോ ഖണ്ഡങ്ങളും വ്യത്യസ്തവും തീക്ഷ്ണവുമായ അനുഭവങ്ങൾ അനുവാചകന് പകർന്നു നൽകുന്നവയാണ്. ആദ്യഖണ്ഡങ്ങളിൽ തന്റെ ഉള്ളിലെ പാപത്തിന് മയൂരത്തിന്റെ രൂപം നൽകി ആവിഷ്ക്കരിക്കുകയാണ് കവി ചെയ്യുന്നത്. ലോകം തനിക്ക് നരകമായും ലോകത്തിന്

ISSN-2455-0736 (Print)
ISSN-2456-4052 (Online)

താൻ ചതുർത്ഥിയായും തീരുന്ന ഈ സന്ദർഭത്തിൽ പാപമയൂരം മാത്രമാണ് തന്നോടൊപ്പമുള്ളതെന്ന് കവി പറയുന്നു.

നീ മാത്രമുനെനിക്കെന്നടുത്തെപ്പോഴും

നീരസം തോന്നാതെ തങ്ങിനിൽക്കാൻ

ഇല്ലെനിക്കാരുമീ ലോകത്തിൽ നീയല്ലാ-

തില്ലെനിക്കാരും ഞാൻ നിസ്സഹായൻ

ഇത്തരത്തിൽ മയൂരാകൃതിപൂ തന്റെയുള്ളിലെ പാപവുമായുള്ള ഒരു സംവാദമായി കവിത ആരംഭിക്കുന്നു.

ആദർശരശ്മികൾ മനസ്സിൽ കുടിവെച്ച യൗവനത്തിൽ ദാരിദ്ര്യമായിരുന്നുവെങ്കിലും മനസ്സ് സന്തോഷം നിറഞ്ഞതായിരുന്നു. ആദർശം വെടിഞ്ഞ് പ്രായോഗികത്വത്തിന്റെ പാതയിലൂടെ ഭൗതികോൽക്കർഷത്തിലേക്ക് കുതിക്കാനുള്ള സുഹൃത്തിന്റെ ഉപദേശപ്രകാരം കവി പ്രകൃതിശക്തികളെപ്പോലും പരാജയപ്പെടുത്തുംവിധം ഉഗ്രവേഗത്തിൽ കാപട്യക്കാരനായി അഹങ്കാരം തലയ്ക്കുപിടിച്ചു.

ഞാനും പഠിച്ചു നയങ്ങൾ കപടങ്ങൾ
ഞാനും പഠിച്ചു കൊലച്ചതികൾ

കവിയുടെ പരിണാമത്തിന്റെ ചിത്രീകരണമാണിവിടെ കാണാൻ കഴിയുന്നത്. തുടർന്ന് തന്റെ പരിണാമത്തിന്റെ ഫലമായുായ ആത്മനിന്ദ പേറുന്ന കവിയെയാണ് കാണാനാവുന്നത്.

പാപിയും പിശാചുമായിത്തീർന്ന കവിയും ഒരു സ്ത്രീയുമായുള്ള ബന്ധത്തിന്റെ ചിത്രീകരണമാണ് പിന്നീടങ്ങോട്ടുള്ള ഭാഗങ്ങളിൽ കാണാനാവുന്നത്. എന്നാലിവിടെ ചിത്രീകരിക്കപ്പെടുന്ന സ്ത്രീ ദേവതയ്ക്കു തുല്യയും പരിശുദ്ധയുമാണ്. കവിയുടെ പ്രേമഭാജനമായിരിക്കാമവർ. സ്ത്രീയെ സംബന്ധിക്കുന്ന കവിയുടെ സങ്കല്പങ്ങളെല്ലാം അവളിൽ സാക്ഷാൽക്കരിക്കപ്പെടുന്നു.

സ്നേഹമെന്താണെന്നറിഞ്ഞിരുന്നില്ല ഞാൻ

മോഹനേ, നീ മുന്നിലെത്തുവോളം

സ്നേഹിക്കുവാന്പഠിപ്പിച്ചു നീ നിന്റെ

സാഹചര്യത്താൽ പിശാചിനേയും

പാടും പിശാചിനെ പ്രാണനായ് പ്പൂജിപ്പു

പാവന സ്നേഹാർദ്ര ദേവതകൾ.

സമൂഹത്തിന്റെ നടപടിക്രമങ്ങളോടുള്ള തുറന്ന പരിഹാസവും വിമർശനവും കവിതയിൽ കാണാനാവുന്നു്. രാഷ്ട്രീയക്കാരെയും സാഹിത്യകാരന്മാരെയും കവികളെയുമെല്ലാം കവി രൂക്ഷമായി വിമർശിക്കുന്നു.

കമ്യൂണിസത്തിനാണിപ്പോൾ വിലകയറ്റം

ചുമ്മാ പറഞ്ഞു നടന്നാൽ മതി.

എന്നിങ്ങനെ പന്ത്രു മുതൽ പതിനഞ്ചുവരെയുള്ള ഖണ്ഡങ്ങളിൽ കവിയുടെ വിമർശനം വ്യാപിച്ചു കിടക്കുന്നു.

പ്രണയം തകർന്നശേഷം സൗഹൃദത്തിൽ അഭയംതേടിയ കവിയോടുള്ള മിത്രങ്ങളുടെ പെരുമാറ്റവും കവിതയിൽ കടന്നുവരുന്നു്. അതൊട്ടും ശുഭകരമല്ല. മിത്രങ്ങളെയാണ് ശത്രുക്കളെക്കാൾ ഭയപ്പെടേതെന്നും അവർ സർപ്പങ്ങളേക്കാൾ ഭയങ്കരന്മാരാണെന്നും കാലിൽ ചുറ്റിപ്പിണഞ്ഞു കടിച്ചുകീറുകയും ചത്താലും പട്ടടച്ചാരം കൂടി ചികഞ്ഞുകൊത്തുന്നവരാണെന്നു മിത്രങ്ങളെ കവി

ISSN-2455-0736 (Print)
ISSN-2456-4052 (Online)

വിശേഷിപ്പിക്കുന്നു. ആത്മവിമർശനത്തോടൊപ്പം ബാഹ്യലോക വിമർശനവുംകൂടി ഇത്തരത്തിൽ കവിതയിൽ നിർവ്വഹിക്കുന്നുണ്ടെന്ന് കാണാനാവും. ഇവ കവിതയിലുടനീളം കൂടിക്കലർന്നു കിടക്കുകയാണ്.

പതിനാലാം ഖണ്ഡത്തിൽ സാഹിത്യത്തിന്റെ പ്രമേയം, സ്വഭാവം എന്നിവയെക്കുറിച്ചുമെല്ലാം കവി ചിന്തിക്കുന്നു്. എഴുത്തും ജീവിതവും തമ്മിൽ പൊരുത്തമുണ്ടെങ്കിലേ സൽക്കാവ്യമുാവു എന്നാണ് കവി പറഞ്ഞുവെക്കുന്നത്. എന്നാലത് ദുസ്സാധ്യമാണെന്ന കാര്യത്തിലും അദ്ദേഹത്തിന് സംശയമില്ല. എങ്കിലും കലാസൃഷ്ടികളുടെ നന്മകൾ ആസ്വദിക്കണം. ചേറിൽ വിരിയുന്നതുകൊ് താമരപ്പൂവോ മുള്ളുകളുള്ളതുകൊ് പനിനീർപ്പൂവോ ആസ്വാദ്യകരമല്ലാതാവുന്നില്ല. സൃഷ്ടാവിനെ പരിഗണിക്കേ സൃഷ്ടിയുടെ ഗുണദോഷങ്ങൾ കാൽമതി എന്നു പറയുന്നതിനൊപ്പം കലാകാരന്റെ സൃഷ്ടിയിലൂടെ ആവിഷ്ക്കൃതമാകുന്ന വ്യക്തിത്വമാണ് യഥാർത്ഥ വ്യക്തിത്വമെന്നും കവി പറഞ്ഞുവെക്കുന്നു. ഇത്തരത്തിൽ സൃഷ്ടാവിന്റെ സത്തയും കലയും, സൃഷ്ടാവും ആസ്വാദകസത്തയും തമ്മിലുള്ള ബന്ധം തുടങ്ങിയവ പരാമർശിക്കുമ്പോൾ മാത്രമാണ് കവിയുടെ ആദർശങ്ങൾ പാടുന്നപിശാച് എന്ന കവിതയിൽ കാണാനാവുന്നത്. ബാക്കി ഭാഗങ്ങളിലെല്ലാം തന്റെ മനോവികാരങ്ങൾ മാത്രമാണ് കവി ആവിഷ്ക്കരിച്ചിരിക്കുന്നത്. അവ പ്രധാനമായും നിഷേധം, നിന്ദ, കുറ്റബോധം തുടങ്ങിയവയാണെന്നതും ശ്രദ്ധേയമാണ്.

ആഖ്യാനസ്വഭാവത്തിന്റെ അപര്യാപ്തത, ഗദ്യത്തിനോടടുത്തുനിൽക്കുന്ന ഭാഷാഘടന, പരുക്കത്തരം നിറഞ്ഞ (കാവ്യോചിതമല്ലാത്ത) പദപ്രയോഗങ്ങൾ, ഇംഗ്ലീഷ്ഭാഷാപദങ്ങൾ എന്നിവയെല്ലാം ആധുനിക കവിതകളുടെ സ്വഭാവത്തോടിണങ്ങി നിൽക്കുന്ന പാടുന്ന പിശാച് എന്ന കവിതയുടെ സവിശേഷതകളാണ്. കൂടാതെ സിംബലിസ്റ്റ് കവികൾ അവകാശപ്പെടുന്നതുപോലെ സമൂഹത്തിൽ നിന്നും പുറത്താക്കപ്പെട്ടവർക്കും ഒറ്റതിരിഞ്ഞു നിൽക്കുന്നവർക്കും മാത്രമേ മഹത്തായ കലാരൂപങ്ങൾ നിർമ്മിക്കാനായി സാധിക്കൂ എന്നൊരു സ്വരം കവിതയിലുടനീളം മുഴങ്ങുന്നതായി കാണാനാവും. എന്തുതന്നെയായാലും ചങ്ങമ്പുഴയുടെ കവിതകളിൽ സവിശേഷവും സാഹിത്യവിരുന്നും തന്നെയാണ് പാടുന്ന പിശാച് എന്ന കാര്യത്തിൽ സംശയമില്ല.

**സഹായഗ്രന്ഥങ്ങൾ**

1. കൃഷ്ണപിള്ള, ചങ്ങമ്പുഴ, പാടുന്ന പിശാച്, താളിളക്കം 2020.

2. സാനു, എം. കെ, മൃത്യുഞ്ജയം കാവ്യജീവിതം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2017.

3. https:// aaartsmalayalam.blogspot.com/p/blog-page_56html?m=1

ISSN-2455-0736 (Print)
ISSN-2456-4052 (Online)

# A Timeless Ashan Poem: Predictive Analysis based on Chandalabhikshuki

## കാലാതീതമായ ആശാൻ കവിത - ചണ്ഡാലഭിക്ഷുകിയെ മുൻനിർത്തിയുള്ള വിശകലനം

**Nimmy Kurian**

Assistant Professor, Deaprtment of Malayalam, Pavanatma College, Murikkasery

**Keywords:**

Philosophy, Humanism, Communal Customs, Revolutionary Consciousness

**Abstract**

Kumaran Ashan highlighted social stratification, untouchability, social ills and subjugation through his poems. He adopted a style that is enriched with love, philosophy and revolutionary consciousness. His famous poem chandala bhishuki lead to the temple entry proclamation of 1936, which ends the centuries -old practices of untouchability and social exclusion. This article is a search for the relevance of chandala bhishuki in the current Socio -cultural scenario

ഗതാനുഗതികത്വത്തിന്റെ വിരസമായ വഴിയിലൂടെ മലയാളകവിത സഞ്ചരിച്ചുകൊിരുന്ന കാലഘട്ടത്തിലാണ് 'വീണപൂവി'ലൂടെ സമഗ്രമായ ജീവിതത്തിന്റെ വിവിധ അന്തർഭാവങ്ങളെ ദാർശനികമായി പ്രതിഫലിപ്പിച്ചുകൊ് കുമാരനാശാൻ എന്ന അതുല്യ പ്രതിഭ കാവ്യരംഗത്തേക്ക് കടന്നുവരുന്നത്. വീണപൂവിൽ തുടങ്ങി പിന്നീടങ്ങോട്ട് 'കരുണ' വരെ വ്യാപിച്ചു കിടക്കുന്ന അദ്ദേഹത്തിന്റെ കാവ്യ പ്രപഞ്ചം വൈവിധ്യവും വൈചിത്ര്യവും നിറഞ്ഞതാണെന്നു കാണാം.
സ്നേഹോപാസകൻ എന്ന പേരുകേട്ട ആശാന്റെ കൃതികൾ ഉന്നതമായ തത്വചിന്ത, സ്നേഹാധിഷ്ഠിതമായ മാനവികതാ ദർശനങ്ങൾ, സാമൂഹിക പരിഷ്കരണത്തിലൂന്നിയ വിപ്ലവപരത തുടങ്ങി നിരവധി ഘടകങ്ങൾ കൊ് സമ്പന്നമാണ്. കാലപ്രവാഹത്തെ തോൽപ്പിച്ചുകൊ് സഹൃദയരെ എക്കാലവും ആകർഷിക്കുന്ന കവിതകളാണ് അദ്ദേഹത്തിന്റേത്.

നളിനി, ലീല, കരുണ തുടങ്ങിയ കാവ്യങ്ങളുടെ പിന്നിൽ കാണുന്ന അദ്ധ്യാത്മിക ഭാവമാർന്ന സ്വത്വത്തെക്കാൾ ഭൗതികഭാവവും സാമൂഹിക വീക്ഷണവും കലർന്ന വ്യക്തിത്വമാണ് ചണ്ഡാലഭിക്ഷുകിക്ക് പിന്നിൽ ദൃശ്യമാകുന്നത്. ദർശനപരവും കലാപരവുമായ മികവു പുലർത്തുന്ന ചണ്ഡാലഭിക്ഷുകിയെ കാലാതീതമാക്കുന്നത്, ഈ കാവ്യത്തിലൂടെ ആശാൻ അവതരിപ്പിക്കുന്നത് ര് പ്രധാന കാര്യങ്ങളാണ്.

അതിൽ ഒന്നാമത്തേത് സ്നേഹത്തെ സംബന്ധിച്ചുള്ള ആശാന്റെ വീക്ഷണങ്ങളാണ്. ജാതിയുടെ നിരർത്ഥകത വ്യക്തമാക്കാൻ രചിക്കപ്പെട്ടതായതിനാൽ സാമുദായിക കാവ്യങ്ങളായി ചണ്ഡാലഭിക്ഷുകിയെയും ദുരവസ്ഥയെയും ഗണിക്കാറു്.

മാതംഗി എന്ന ചണ്ഡാല പെൺകുട്ടിയുടെ സ്നേഹപരിണാമ കഥയായ ചണ്ഡാലഭിക്ഷുകിയെ ആശാന്റെ സ്നേഹകാവ്യങ്ങളായ നളിനി, ലീല തുടങ്ങിയവയോടൊപ്പം പരിഗണിക്കാം. മാതംഗിയുടെ വ്യക്തിപരമായ സ്നേഹം സമഷ്ടിയോടുള്ള സ്നേഹമായി പരിണമിക്കുകയാണ് കാവ്യത്തിൽ. കാവ്യത്തിന്റെ ഇതിവൃത്തത്തെ ആശാൻ നാലായി വിഭജിച്ചിരിക്കുന്നു. ചണ്ഡാല കന്യകയ്ക്കു ബുദ്ധഭിക്ഷുവിനോടു തോന്നിയ സ്നേഹവും അതിന്റെ വികാസ പരിണാമങ്ങളുമാണ് ആദ്യത്തെ മൂന്ന് ഭാഗങ്ങളിൽ കാണുന്നത്. അവസാന ഭാഗമാകട്ടെ ചണ്ഡാല കന്യകയെ ആശ്രമഭിക്ഷുകിയായി അംഗീകരിച്ചതിൽ സവർണ്ണർ എതിർപ്പും മനസ്സില്ലാമനസ്സോടെ അത് ചോദ്യം ചെയ്യാനെത്തിയ പ്രസേനജിത്ത് രാജാവിനോട് ജാതിയുടെ നിരർത്ഥകതയെക്കുറിച്ചും സ്നേഹത്തിന്റെ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

മഹാത്മ്യത്തെക്കുറിച്ചും ശ്രീബുദ്ധൻ നടത്തുന്ന ഉദ്ബോധനങ്ങളാണ്. ജാതിചിന്തയെ അല്ലെങ്കിൽ അയിത്തത്തെ തള്ളിക്കളയാനുള്ള മാർഗ്ഗമെന്ന നിലയിൽ ചണ്ഡാലഭിക്ഷുകിയിലെ സ്നേഹപരിണാമത്തെ പരിഗണിക്കാം.

മാനവരാശിയുടെ നിലനിൽപ്പിന് തന്നെ ആധാരം സ്നേഹമാണ്. മനുഷ്യനെ ഇതര ജീവജാലങ്ങളിൽ നിന്നു ഭിന്നനാക്കുന്നത് സ്നേഹമെന്ന വിശിഷ്ട വികാരം തന്നെയാണ്. ഈ കാവ്യം എഴുതപ്പെട്ട കാലത്തെന്നപോലെ ഇന്നും സമൂഹത്തിൽ ഉടലെടുക്കുന്ന ഭൂരിഭാഗം അസ്വസ്ഥതകൾക്കും അനീതികൾക്കും പിന്നിൽ സ്നേഹരാഹിത്യമാണെന്ന് നമ്മുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. അവസരത്തിനൊപ്പിച്ച് തന്റെ കൃതികളിൽ ഉൽകൃഷ്ടമായ ഈ വികാരത്തെ ആശാൻ പാടിപ്പുകഴ്ത്താറു്.

"സ്നേഹിക്കയുണ്ണീ നീ നിന്നെ
ദ്രോഹിക്കുന്ന ജനത്തെയും"

എന്ന് വിചിത്രവിജയത്തിലും

"സ്നേഹമാണഖില സാരമൂഴിയിൽ"

എന്ന് നളിനിയിലും

"സ്നേഹത്താൽ നിത്യം തടം നനപ്പിൻ"

എന്ന് ദുരവസ്ഥയിലും ആശാൻ സ്നേഹത്തെക്കുറിച്ച് വാചാലനാകുന്നു്.

ചണ്ഡാലഭിക്ഷുകിയിലോട്ട് കടക്കുകയാണെങ്കിൽ ഏറ്റവും ഉൽകൃഷ്ടമായ വികാരമായി സ്നേഹത്തെ അവതരിപ്പിക്കുന്നത് കാണാം. ശ്രീബുദ്ധന്റെ വാക്കുകളിലൂടെ അവതരിപ്പിക്കുന്ന സ്നേഹദർശനം ഇപ്രകാരമാണ്.

മോഹം കളഞ്ഞു ജനത്തെ തമ്മിൽ
സ്നേഹിപ്പാൻ ചൊല്ക നരേന്ദ്ര
സ്നേഹത്തിൽ നിന്നുദിക്കുന്ന ലോകം
സ്നേഹത്താൽ വൃദ്ധി തേടുന്നു
സ്നേഹം താൻ ശക്തി ജഗത്തിൽ സ്വയം
സ്നേഹം താനാനന്ദമാർക്കും
സ്നേഹം താൻ ജീവിതം - ശ്രീമൻ
സ്നേഹ വ്യാഹതി തന്നെ മരണം
സ്നേഹം നരകത്തിൽ ദ്വീപിൽ - സ്വർഗ
ഗേഹം പണിയും പടുത്വം
അമ്മ തൻ നെഞ്ചുഞരമ്പിൽ - തങ്ങി
ചെമ്മേ ചെഞ്ചോരയെ തന്നെ
അമ്മിഞ്ഞതൂമമൃതാക്കും മൈത്രി
നമ്മോടോതുന്നു രാജൻ.

ഈ വരികളിൽ സ്ഫുരിക്കുന്നത് സ്നേഹത്തിന്റെ മാഹാത്മ്യമാണ്. സ്നേഹം മാനവരാശിയിൽ ചെലുത്തുന്ന ശക്തിയെ കവി ഇവിടെ അഭിവ്യക്തമാക്കുന്നു. അസൂയയും ക്രോധവും മൂലം അനുദിനം അധഃപതിച്ചുകൊിരിക്കുന്ന ജനസമൂഹത്തെ സ്നേഹമന്ത്രംകൊ് സമുദ്ധരിക്കാനാണ് ശ്രീബുദ്ധൻ രാജാവിനെ ഉപദേശിക്കുന്നത്. ലോകത്തിന്റെ മാനവരാശിയുടെ ശക്തി കേന്ദ്രമായി ഇവിടെ സ്നേഹം അവതരിപ്പിക്കപ്പെടുന്നു. ഈ ശക്തി കേന്ദ്രത്തിൽ നിന്നാണ് അസ്വസ്ഥനായ മനുഷ്യന് ആശ്വാസവും ആവേശവും ലഭിക്കുന്നത്.

സ്നേഹം നരകത്തിൽ ദ്വീപിൽ സ്വർഗ്ഗ
ഗേഹം പണിയും പടുത്വം

എന്നത് ഈ കാലഘട്ടത്തിന് ഏറ്റവും യോജിച്ച ഈരടികളാണ്. സ്നേഹരാഹിത്യമാണ് ഇന്ന് സമൂഹത്തിൽ കാണുന്ന ഒട്ടുമിക്ക പ്രശ്നങ്ങളുടേയും അടിസ്ഥാനം. ചണ്ഡാലഭിക്ഷുകിയിലെ മാതംഗിയിലുായ സ്നേഹപരിണാമം പോലെ സകലചരാചരങ്ങളെയും സ്നേഹിക്കാൻ സാധിക്കുകയാണെങ്കിൽ ആധുനിക ലോകം അഭിമുഖീകരിക്കുന്ന പലപ്രശ്നങ്ങളും പരിഹരിക്കപ്പെടുമെന്ന് തീർച്ചയാണ്.

ചണ്ഡാലഭിക്ഷുകി മുൻപോട്ടുവയ്ക്കുന്ന രാമത്തെ കാലാതീതമായ ആശയം ജാതിയുടെ അർത്ഥ ശൂന്യതയാണ്. ജാത്യാചാരങ്ങളുടെ നിരർത്ഥകത വെളിവാക്കാൻ വേി ദുരവസ്ഥയുടെ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

പിന്നാലെ ആശാൻ രചിച്ച കാവ്യം കൂടിയാണ് ചണ്ഡാലഭിക്ഷുകി. ഈ കാവ്യത്തിന്റെ ഇതിവൃത്തം ബുദ്ധമതവുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്വസമുദായത്തിലെ ജാതി ഉപജാതി സംഘർഷങ്ങൾ ആശാനെ നന്നായി ബുദ്ധിമുട്ടിച്ചിരുന്നു. ബുദ്ധമതത്തിലെ പല ആശയങ്ങളും ഹിന്ദുമതത്തിലെ അനാചരങ്ങളെ നിഷ്കാസനം ചെയ്യാൻ സഹായകമാകുമെന്ന വിശ്വാസമാണ്. ഇത്തരമൊരു ഇതിവൃത്തത്തെ സ്വീകരിക്കാൻ ആശാനെ പ്രേരിപ്പിച്ചത്.

ആശാന്റെ സാമൂഹികവിപ്ലവ ചിന്ത പ്രകടമാകുന്നത് ചണ്ഡാലഭിക്ഷുകിയുടെ നാലാം ഭാഗത്തിലാണ്. ജാതി, മതം, ധർമ്മ സംഹിതകൾ എന്നിവയെക്കുറിച്ച് ചണ്ഡാലഭിക്ഷുകിയിൽ ആശാൻ നടത്തുന്ന കർശന വിമർശനം ശ്രീനാരായണ ഗുരുവിൽ നിന്ന് ആശാൻ പകർന്ന് കിട്ടിയതാണെന്നു മനസ്സിലാക്കാം.

ജാതിചിന്തയ്ക്കെതിരെ ആനന്ദഭിക്ഷു, ശ്രീബുദ്ധൻ എന്നിവരെക്കൊു പറയിപ്പിക്കുന്ന സംഗതികൾ ഓരോന്നും ആശാന് പറയാനുള്ള കാര്യങ്ങൾ തന്നെയാണ്. ദാഹിക്കുന്ന ഭഗിനീ, കൃപാരസ
മോഹനം കുളിർ തണ്ണീരിതാശു നീ

എന്ന് ദാഹജലം ചോദിക്കുന്ന ബുദ്ധഭിക്ഷുവിനോട്

അല്ലല്ലെന്തു കഥയിതു കഷ്ടമേ
അല്ലലാലങ്ങു ജാതി മറന്നിതോ

എന്ന മറുചോദ്യമാണ് മാതംഗിയുടെ മറുപടി

ജാതി ചോദിക്കുന്നില്ല ഞാൻ
സോദരി
ചോദിക്കുന്ന നീർ നാവുവരഹോ

എന്ന ബുദ്ധഭിക്ഷുവിന്റെ മറുപടി

അയിത്തത്തിനെതിരെയുള്ള കവിയുടെ ബോധവത്ക്കരണ ശ്രമം തന്നെയാണ്. ജാതി ചിന്ത പുലർത്തിയിരുന്ന അന്നത്തെ സമൂഹത്തോട് കുമാരനാശാൻ തന്നെയാണ് ശ്രീബുദ്ധനിലൂടെ ഉപദേശം നൽകുന്നത്.

ചണ്ഡാലി തൻമെയ് ദ്വിജന്റെ ബീജ -
പിണ്ഡത്തിനൂഷരമാണോ? എന്ന ചണ്ഡാലഭിക്ഷുകിയിലെ ചോദ്യം തന്നെ ഉദാഹരണം ഇത് കവിയുടെ തന്നെ അമർഷമാണ്.

സ്വന്തകുടുംബം പിരിക്കും അതു
ബന്ധുക്കളെ വിഭജിക്കും
ഹന്ത: വർഗ്ഗങ്ങൾ തിരിക്കും പക
ച്ചന്ത്യമായ് ലോകം മുടിയ്ക്കും

മനുഷ്യന്റെ ഐശ്വര്യത്തിന് ജാതി എങ്ങനെ വിഘാതമാകുന്നു എന്ന് വരികളിൽ നിന്ന് മനസ്സിലാക്കാം.

കേരളത്തെ ഭ്രാന്താലയമാക്കി മാറ്റിയ, ഭൂമിയെ നരകമാക്കുന്ന ജാതി ചിന്തയെ താത്വികമായി നിഷേധിക്കുക എന്ന കർത്തവ്യം കൂടി ഈ കൃതി അനുഷ്ഠിക്കുന്നു്. ജാതി ശ്രേണിയിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന സമുദായത്തിൽപ്പെട്ട മാതംഗിയോട് ഉന്നതകുല ജാതനായ ആനന്ദഭിക്ഷു ദാഹജലം ചോദിക്കുന്നിടത്തു നിന്ന് ആരംഭിച്ച് അവളെ സോദരി എന്ന് അഭിസംബോധന ചെയ്ത് താണജാതിക്കാരിയായ മാതംഗിയെ ബുദ്ധഭിക്ഷുണിയായി പരിവർത്തിപ്പിക്കുന്നതിലൂടെ തന്റെ ആശയം അങ്ങേയറ്റം വിപ്ലവാത്മകരമായി ആവിഷ്ക്കരിക്കാൻ ആശാന് കഴിഞ്ഞിരിക്കുന്നു.

ജാതി ചിന്തയും തജ്ജന്യമായ ഉച്ചനീചത്വങ്ങളെയും രാക്ഷസീയമായാണ് കവി അവതരിപ്പിക്കുന്നത്. നരക ജീവിതത്തിലേയ്ക്ക് പതിക്കാതിരിക്കാൻ രാക്ഷസീയമായ ജാതി ചിന്ത ഉപേക്ഷിക്കുന്നതാണ് നല്ലതെന്നു കവി ഉദ്ബോധിപ്പിക്കുന്നു.

സ്നേഹരാഹിത്യവും, ജാതി, ഉപജാതി സംഘർഷങ്ങളും ഇക്കാലത്തും പല രീതിയിൽ പ്രകടമാകുന്നു്. സദാചാര കൊലപാതകങ്ങളും നരബലിയുമുൾപ്പെടെ അനാചാരങ്ങളുടേയും സ്നേഹശൂന്യതയുടേയും നിലയില്ലാക്കയങ്ങളിലേയ്ക്ക് മാനവരാശി ആു പോകുമ്പോൾ ആശാൻ എന്ന കവിയും അദ്ദേഹത്തിന്റെ കാവ്യകലയും ദർശനങ്ങളും ഇന്നും പ്രസക്തമായി തന്നെ തുടരുന്നു.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

**സഹായക ഗ്രന്ഥങ്ങൾ**

1. ബാലകൃഷ്ണൻ, പി. കെ. 2019. കാവ്യകല കുമാരനാശാനിലൂടെ. കോട്ടയം : ഡി സി ബുക്ക്സ്.
2. കുമ്പളക്കുഴി, കുര്യാസ്. 1997. അതിരുകളില്ലാതെ ആശാൻ കവിത. കോട്ടയം : കറന്റ് ബുക്ക്സ്.
3. നമ്പൂതിരിപ്പാട്, ഇ. എം. എസ്. 1995. ആശാനും മലയാളസാഹിത്യവും. തിരുവനന്തപുരം : ദേശാഭിമാനി ബുക്ക് ഹൗസ്.
4. സാനു, എം. കെ. 2013. അശാന്തിയിൽ നിന്ന് ശാന്തിയിലേക്ക്. തൃശ്ശൂർ : ഗ്രീൻ ബുക്ക്സ്